സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം നടപ്പിലാക്കിയ സംഗതി- 2024 ജൂൺ മാസത്തെ ശമ്പളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 03.07.2024

**പരാമർശം:**1. 11/06/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്

2. ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 03/07/2024 ലെ DAO No.568/24/ GSP/B4 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം 2024 ജൂൺ മാസം മുതൽ ജി-സ്പാർക്ക് സംവിധാനം മുഖേന മാത്രം വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം-1).

ബോർഡ് ആസ്ഥാനത്തെ മിക്കവാറും എല്ലാ ഓഫീസുകളിലും അപ്രകാരം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഗ്രൂപ്പ് ഓഫീസുകൾ അടക്കമുള്ള ബോർഡിന് കീഴിലുള്ള ഭൂരിഭാഗം ഓഫീസുകളിലും ജി-സ്പാർക്ക് വഴി ഇതുവരെയും ശമ്പളം നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണെന്നും, ആയത് സമയബന്ധിതമായി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കർശന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കുലർ അടിയന്തരത്തിൽ പുറപ്പെടുവിക്കേണ്ടതാണെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായി. (പരാമർശം-2).

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ 2024 ജൂൺ മാസം മുതലുള്ള ശമ്പളം ജി-സ്പാർക്ക് വഴി നൽകണമെന്ന ബോർഡിന്റെ പരാമർശം-1 ലെ നിർദേശം അനുസരിച്ച് നിരവധി ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടില്ലായെന്ന സംഗതി ഗൗരവമായി കാണുന്നു. മേൽ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. നിലവിൽ ജി-സ്പാർക്ക് വഴി ശമ്പളം നൽകുവാൻ കഴിഞ്ഞിട്ടില്ലാത്ത ഓഫീസുകളിൽ 2024 ജൂൺ മാസത്തെ ശമ്പളം മാത്രം മാനുവൽ ബില്ലായി നൽകുവാൻ അനുവദിക്കുന്നു.
2. ഉത്തരത്തിൽ ജൂൺ മാസത്തെ ശമ്പളം മാനുവൽ ബില്ലായി നൽകുന്നത് 15.07.2024-ന് മുമ്പായി ജി-സ്പാർക്ക് സംവിധാനത്തിൽ പ്രോസസ് ചെയ്യേണ്ടതാണ്.

Scanned with OKEN Scanner

എന്നാൽ ജൂലൈ മാസം (07/2024) മുതലുള്ള ശമ്പളം ജി-സ്പാർക്ക് മുഖാന്തിരമല്ലാതെ നൽകുവാൻ പാടില്ലാത്തതാണ്.

3. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജിസ്പാർക്ക് സംവിധാനം നടപ്പിലാക്കുന്നതി നടപടികൾ ഏകോപിപ്പിച്ച് 15 ദിവസത്തിനകം പൂർത്തീകരിക്കുന്നതിനും തുടർനടപടി കൾക്കുമായി ഓട്ടോമേഷൻ ടീം പ്രൊജക്ട് മാനേജർ ശ്രീ.ഒ.ജി.ബിജുവിന്റെ നേതൃത്വത്തിൽ, ശ്രീ ശരൺ, ശ്രീ ശ്യാംദേവ്, ശ്രീ ശ്രീധരൻ എമ്പ്രാന്തിരി എന്നിവരെ ഉൾപ്പെടുത്തി ഒരു ഇംപ്ലിമെന്റേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്. അടിയന്തര സാഹചര്യത്തിൽ സംശയ നിവാരണത്തിനായി ഓട്ടോമേഷൻ പ്രൊജക്ട് മാനേജരെ ബന്ധപ്പെടേണ്ടതാണ്. (ഫോൺ: 9400333259). ജി-സ്പാർക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾ ഉള്ളപക്ഷം ഉദ്യോഗസ്ഥർ നേരിട്ട് ബോർഡിന്റെ ഐ.റ്റി. ഡിവിഷനുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടതാണ്.
4. പ്രോവിഡന്റ് ഫണ്ട് ലോണുകൾ, സ്കൂട്ടർ ലോൺ, കാർ ലോൺ തുടങ്ങിയ വകകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ, ചുമതലപ്പെടുത്തുന്നവരോ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നും നേരിട്ട് കുറിച്ച് വാങ്ങേണ്ടതാണ്.
5. പ്രോവിഡന്റ് ഫണ്ട് അടക്കം ബോർഡിൽ നിന്നും എടുക്കുന്ന ലോണുകളുടെ അടയ്ക്കാനായി അവശേഷിക്കുന്ന തവണകൾ ജി-സ്പാർക്ക് സംവിധാനത്തിൽ ഫീഡ് ചെയ്യുവാൻ സാധിക്കുന്ന വിധത്തിൽ അവശേഷിക്കുന്ന തവണകളുടെ എണ്ണത്തിന് അനുസ്യൂതമായ വിധത്തിൽ തുല്യമാക്കാവുന്നതാണ്.
6. ജൂലൈ മാസം മുതലുള്ള ശമ്പളം ജി-സ്പാർക്ക് മുഖാന്തിരം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശനമായ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
7. പരാമർശം-1 ഉത്തരവിലെ മറ്റ് കാര്യങ്ങൾ എല്ലാം തന്നെ അതേപടി നിലനിൽക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ (തുടർ നടപടിയ്ക്കായി)
2. ചീഫ് എൻജിനീയർ (തുടർ നടപടിയ്ക്കായി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ (തുടർ നടപടിയ്ക്കായി)
5. ഐടി ഡിവിഷൻ (പ്രസിദ്ധീകരണത്തിനായി)
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

Scanned with OKEN Scanner